**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651** **22-01-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ സമഗ്രകോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ സമഗ്രകോളനി വികസനത്തിന് ഏറ്റെടുത്തിട്ടുള്ള കോളനികളിലെ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്ക്കർ ഗ്രാമം വികസന പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം നെടുങ്ങരങ്ങാട്, പനമ്പഴക്കാട് എന്നീ കോളനികളും പ്രളയാനന്തര കോളനികളുടെ പുനനിർമ്മാണവുമായി ബന്ധപ്പെട്ട് കൊരക്കാലി കോളനിയും 2019-20 സാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമ പദ്ധതി പ്രകാരം കാക്കാമൂച്ചിക്കാട് കോളനി, മലയ്ക്കാട്ടുകുന്ന് എന്നീ കോളനികളെയും തെരഞ്ഞെടുത്തിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2020-21) പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ കവിളുപാറ കോളനിയെ തെരഞ്ഞെടുത്തിരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏതെല്ലാം നിർമ്മാണ ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അംബേദ്ക്കർ ഗ്രാമം വികസന പദ്ധതി പ്രകാരം നടപ്പാക്കുന്ന പദ്ധതികളുടെ നിർവ്വഹണ ഏജൻസി പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. കവിളുപ്പാറ കോളനിയിലെ പദ്ധതി നടത്തിപ്പിനായി ഏജൻസിയെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നത് എന്നും വ്യക്തമാക്കാമോ? | (സി) | പട്ടികജാതി കോളനികളിൽ നടപ്പാക്കുന്ന പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (2020-21) പ്രകാരം തെരഞ്ഞെടുത്ത കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് ഏജൻസിയെ ലഭ്യമാകുന്ന മുറയ്ക്ക് ഡിപിആർ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളും നിർമ്മാണ പുരോഗതിയും**

| കോളനി | പ്രവൃത്തി | പുരോഗതി |
|---|---|---|
| **നെടുങ്ങരങ്ങാട്** | 1) ഭവന പുനരുദ്ധാരണം | പൂർത്തീകരിച്ചു |
| | 2) റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| | 3) മണ്ണ് സംരക്ഷണ ഭിത്തി | പൂർത്തീകരിച്ചു |
| | 4) ബോർവെൽ | പൂർത്തീകരിച്ചു (കണക്ഷൻ പ്രവൃത്തികൾ ശേഷിക്കുന്നു) |
| | 5) ഇലക്ട്രിക്ക് വർക്ക് | പൂർത്തീകരിച്ചു |
| **പനമ്പഴക്കാട്** | 1. ഭവന പുനരുദ്ധാരണം | പൂർത്തീകരിച്ചു |
| | 2. റോഡ് നിർമ്മാണം | പൂർത്തീകരിച്ചു |
| | 3. ചുറ്റുമതിൽ | പൂർത്തീകരിച്ചു |
| | 4. കിണർ വർക്ക് | |
| | 5. സംരക്ഷണ ഭിത്തി | |
| | 6. കൽവർട്ട് | |
| **കൊരക്കാലി** | 1. ഭവന പുനരുദ്ധാരണം | പൂർത്തീകരിച്ചു |
| | 2. സംരക്ഷണ ഭിത്തി | നിർമ്മാണം പുരോഗമിക്കുന്നു |
| | 3. കിണർ റിപ്പയർ | |
| | 4. റോഡ് നിർമ്മാണം | |
| **മലയ്ക്കാട്ടുകുന്ന്** | 1. റോഡ് നിർമ്മാണം | നിർമ്മാണം പുരോഗമിക്കുന്നു |
| | 2. സംരക്ഷണ ഭിത്തി | നിർമ്മാണം പുരോഗമിക്കുന്നു |
| | 3. ഇലക്ട്രിക്ക് ലൈൻ | |
| | 4. സ്ട്രീറ്റ് ലൈറ്റ് | |
| **കാക്കാമൂച്ചിക്കാട്** | എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ